(സി) ഇതുസംബന്ധിച്ച വിവിധ ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യം ഉന്നയിച്ചതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ ഭേദഗതി വരുത്തുവാൻ 1987-ലും 1991-ലും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

(ബി) പട്ടികജാതി ലിസ്റ്റിൽ നേരിയൻ എന്ന ഒരു സമുദായത്തെ മാത്രമാണ് പട്ടികജാതിയായി ഉൾപ്പെടുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ ലിസ്റ്റിൽ താഴെ കൊടുത്തിട്ടുള്ള 8 സമുദായങ്ങളെ പട്ടികജാതിയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ചോലനായ്ക്കൻ, 2. കറംപാലൻ, 3. മലപണിക്കർ, 4. മലവേട്ടുവൻ, 5. മാവിലൻ, 6. തേൻ കുറുമ്പൻ, തേനുകുറുമ്പൻ, 7. മച്ചനാടൻ, മച്ചനാടൽ മുപ്പൻ, 8. വേട്ടകുറുമ്പൻ. പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന മറാട്ടി സമുദായത്തെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വേട്ടുവൻ, പുലയ വേട്ടുവൻ സമുദായങ്ങളെ പഴയ കൊച്ചി സംസ്ഥാനത്ത് മാത്രം പട്ടികജാതികളായി കണക്കാക്കി പ്രാദേശിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം പഴയ കൊച്ചി സംസ്ഥാനം ഒഴികെ എല്ലാ പ്രദേശത്തുമുള്ള വേട്ടുവർക്കും പുലയ വേട്ടുവർക്കും പട്ടികജാതി പദവി നഷ്ടപ്പെട്ടിരിക്കുകയാണ്.

(സി) സംസ്ഥാന സർക്കാർ 15-6-1991-ന് 2764/ഇ2/87/എസ്.സി.എസ്.ടി.ഡി.ഡി. നമ്പർ കത്ത് പ്രകാരം കേന്ദ്രസർക്കാരിന് പട്ടികജാതി ലിസ്റ്റിൽ ഭേദഗതി വരുത്തുന്നതിനായി ശുപാർശ നൽകിയിരുന്നു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ലിസ്റ്റിലെ സമുദായങ്ങളുടെ അപരനാമങ്ങൾ, പുതുതായി ഉൾപ്പെടുത്തുന്ന സമുദായങ്ങൾ, പ്രാദേശിക പരിധി നിർണ്ണയം എന്നിവ സംബന്ധിച്ച് പരിശോധിച്ച് അവയിൽ ഉണ്ടായേക്കാവുന്ന തെറ്റുകളും തെറ്റായ വ്യഖ്യാനങ്ങളും പുനഃപരിശോധിച്ച് അവ ഒഴിവാക്കി അറിയിക്കുവാനും 7-3-2000-ലെ 12016/9/2000/എസ്.സി.ഡി. (ആർ.എൽ.) കത്തു വഴി കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 15-6-1991-ൽ അയച്ചുകൊടുത്തിരുന്ന ശുപാർശകൾ തെറ്റുകളും തെറ്റായ വ്യാഖ്യാനങ്ങളും ഉണ്ടോ എന്ന് പുനഃപരിശോധിക്കാതെയും എസ്.സി./എസ്.റ്റി. ലിസ്റ്റിലെ ജാതി നാമധേയങ്ങൾ മലയാളത്തിൽ തർജ്ജിമ ചെയ്തയയ്ക്കുക മാത്രമാണ് 21-3-2000-ലെ 3787/ജ1/2000/എസ്.സി.എസ്.ടി.ഡി.ഡി. കത്തുവഴി കേരള ഗവൺമെന്റ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളത്. ഇതനുസരിച്ചാണ് കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്.

പട്ടികവർഗ്ഗ ലിസ്റ്റ് ഭേദഗതി

114 (4722) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ കേരളത്തിലെ പട്ടികവർഗ്ഗ ലിസ്റ്റ് ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിജ്ഞാപനം വഴി ഏതൊക്കെ സമുദായങ്ങളെയാണ് പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച പട്ടികവർഗ്ഗ ഭേദഗതി ലിസ്റ്റ് സംസ്ഥാനത്ത് വിജ്ഞാപനം ചെയ്തതുമൂലം അർഹതപ്പെട്ട സമുദായത്തിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അടിയന്തരമായി വിജ്ഞാപനം പുറപ്പെടുവിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചു കഴിഞ്ഞു.

ആരോഗ്യപച്ചയിൽ നിന്നുല്പാദിപ്പിച്ച ജീവനി

115 (4723) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യപച്ചയിൽ നിന്നുല്പാദിപ്പിച്ച ജീവനി എന്ന ഔഷധം വിറ്റവകയിൽ ഇതുവരെ എന്തുതുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എന്തുതുക റോയൽറ്റി ഇനത്തിൽ ഗിരിവർഗ്ഗ ട്രസ്റ്റിന് കൈമാറിയിട്ടുണ്ട് ;

(സി) ഈ തുക ഗിരിവർഗ്ഗക്കാരുടെ എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ വിഷയം സംബന്ധിച്ച് ഈ വകുപ്പിൽ വിവരം ലഭ്യമല്ല. ഇതിന്റെ വിവരങ്ങൾ റ്റിസിസിആർഐ-ൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

116 (4724) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതെല്ലാം രോഗചികിത്സകൾക്കാണ് ധനസഹായം നൽകി വരുന്നത് എന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[31-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 114 (4722) കാണുക]

THE SCHEDULED CASTES AND SCHEDULED TRIBES ORDERS (AMENDMENT) ACT, 2002

No. 10 OF 2003

PART VII - KERALA

1. Adiyan - അടിയാൻ
2. Aranadan - അരനാടൻ
3. Cholanaicken - ചോലനായിക്കൻ
4. Eravalan - ഇരവാലൻ
5. Hill Pulayan, Mala Pulayan, Kurumba Pulayan, Karavazhi Pulayan, Pamba Pulayan - ഹിൽ പുലയൻ, മല പുലയൻ, കുറുമ്പ പുലയൻ, കരവഴി പുലയൻ, പാമ്പ പുലയൻ
6. Irular, Irulan - ഇരുളർ, ഇരുളൻ
7. Kadar, Wynad Kadar - കാടർ, വയനാട് കാടർ
8. Kanikkaran, Kanikkar - കാണിക്കാരൻ, കാണിക്കാർ
9. Karimpalan - കരിംപാലൻ
10. Kattunayakan - കാട്ടുനായിക്കൻ
11. Kochuvelan - കൊച്ചുവേലൻ
12. Koraga - കൊറഗ
13. Kudiya, Melakudi - കുടിയ, മേലക്കുടി
14. Kurichchan, Kurichiyan - കുറിച്ച്യൻ, കുറിച്ചിയൻ
15. Kurumans, Mullu Kuruman, Mulla Kuruman, Mala Kuruman - കുറുമർ, മുള്ളുകുറുമൻ, മുള്ളകുറുമൻ, മലകുറുമൻ
16. Kurumbas, Kurumbar, Kurumban - കുറുമ്പാസ്, കുറുമ്പർ, കുറുമ്പൻ
17. Mahamalasar - മഹാമലസർ
18. Mala Panicker - മല പണിക്കർ
19. Mala Vettuvan (iii Kasargode and Kannur Distrits) - മല വേട്ടുവൻ (കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ മാത്രം)

LIBRARY ARCHIVES Kerala Legislative Assembly

20. Malai Arayan, Mala Arayan - മലൈ അരയൻ, മല അരയൻ
21. Malai Pandaram - മലൈ പണ്ടാരം
22. Malai Vedan, Malavedan - മലൈ വേടൻ, മല വേടൻ
23. Malakkuravan - മലക്കുറവൻ
24. Malasar - മലസർ
25. Malayan, Nattu Malayan, Konga Malayan (excluding area comprising the Kasargode Cannanore, Wayanad and Kozhikode District) - മറയൻ, നാട്ടുമലയൻ, കൊങ്ങമലയൻ (കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകൾ ഒഴികെ)
26. Malayarayar - മലയരയർ
27. Mannan - മന്നാൻ
28. Mavilan - മാവിലൻ
29. Muthuvan, Mudugar, Muduvan - മുതുവാൻ, മുഡുഗർ, മുഡുവാൻ
30. Palleyan, Palliyan, Palliyar, Palivan - പള്ളിയൻ, പള്ളിയൻ, പള്ളിയാർ, പളിയൻ
31. Paniyan - പണിയൻ
32. Ten Kurumban, Jenu Kurumban - തേൻകുറുമ്പൻ, ജേനുകുറുമ്പൻ
33. Thachanadan, Thachanadan Moopan - തച്ചനാടൻ, തച്ചനാടൻ മൂപ്പൻ
34. Ulladan, Ullatan - ഉള്ളാടൻ, ഉള്ളാടൻ
35. Urali - ഊരാളി
36. Vetta Kuruman - വെട്ട കുറുമൻ

LIBRARY ARCHIVES Kerala Legislative Assembly